# നൂപുരം



GHSSPUTHENTHODE



ജി എച്ച് എസ് എസ് പുത്തൻത്തോട്

# ഉള്ളടക്കം


- ആമുഖം.........................................................5
- സന്ദേശം.......................................................  7
- ധന്യമീയാത്ര..................................................9
- തത്തേ.........................................................15
- മഴ വന്നു....................................................17
- എച്ച്.........................................................19
- ഓർമയുടെജാലകം..........................................21
- *സഹായം...................................................23*
- मेरी अम्मा...................................................25
- കേരളം.......................................................27
- *മടിയൻ ,“ 1”*................................................29
- പൂജ്യം തൊട്ടാൽ തൊട്ടാവനെ തട്ടും..............................31
- യൂക്ലിഡ്.....................................................33
- കാട്ടിലെപൊന്നോണം.........................................35
- കുടയില്ലാത്തോനും കുഞ്ഞിപെണ്ണുങ്ങളും..........................37

# ആമുഖം

ഒരു കുഞ്ഞ് ജന്മമെടുക്കുമ്പോൾ തന്നെ തന്റെ മനോഭാവങ്ങൾ പ്രകടിപ്പിക്കാൻ ശ്രമിക്കുന്നു.

വളർന്നുകൊണ്ടിരിക്കുമ്പോൾ അവർ അത് പല രൂപത്തിൽ പ്രകടിപ്പിക്കുന്നു .

ലേഖനങ്ങളിലൂടെയും കവിതകളിലൂടെയും കഥകളിലൂടെയും അത് പുറത്തുവരുന്നു.

ആധുനിക സാങ്കേതികവിദ്യയുടെ ഈ യുഗത്തിൽ ഇളം തലമുറഅറിവിന്റെ വിശാലമായ

ലോകത്തേക്ക് പറന്നുയരുകയാണ്. കുട്ടികളിലുള്ള സർഗവാസനകൾ കഥകളും കവിതകളും

ലേഖനങ്ങളുമായി മാറുമ്പോൾ സർഗ്ഗസൃഷ്ടിയുടെ നൂപുരധ്വനികൾ വായനക്കാരിൽ

ആസ്വാദ്യത നിറയ്ക്കുന്നു.

പുത്തൻതോട് ജി.എച്ച്. എസ്. എസിലെ വിദ്യാർത്ഥികളുടെ ഈ എളിയ ശ്രമം

സഹൃദയലോകത്തിനു മുമ്പിൽ സമർപ്പിക്കുന്നു ...

# സന്ദേശം

## നിങ്ങളെല്ലാവരും

## ഈ വിദ്യലയത്തിലെ നൂപരത്തിലെ

## ധ്വനികളായി തീരട്ടെയെന്ന

## ആശംസകളോടെ.....

**മാർഗ്രറ്റ് ജോളി**

***H M GHSS Puthenthode***

# ധന്യമീയാത്ര



"രോഹിതാ, യാത്രികന്റെ കാലടികൾ പൂക്കളാണ്.ഇരിക്കുന്നവന്റെ ഭാഗ്യം ഇരുന്നു പോകുന്നു. അവന്എഴുന്നെറ്റാൽ അവന്റെ ഭാഗ്യവും എഴുന്നെല്ക്കും. ഉറങ്ങുന്നവന്റെ ഭാഗ്യം ഉറങ്ങിപ്പോകുന്നു. നടക്കുന്നവന്റെ ഭാഗ്യം ഒപ്പം നടക്കുന്നു. അതുകൊണ്ട് ഒരാള് സഞ്ചരിക്കുക തന്നെ വേണം " 2500 വര് ഷങ്ങൾക്കു മുമ്പെഴുതപ്പെട്ട ഐതരേയ ബ്രാഹ്മണത്തിൽ കുറിച്ച ഈ വരികളിലുണ്ട് യാത്രയുടെ മാഹാത്മ്യം. നടന്നു തളരാത്ത സൂര്യനെ മാതൃകയാക്കേണ്ടവരാണ് യാത്രികർ. യാത്ര ആരംഭിച്ചു കഴിഞ്ഞാല് അതിനൊരവസാനമുണ്ടാകില്ല. യാത്രകൾ തുടർന്നുകൊണ്ടെയിരിക്കുന്നു. യാത്രികൻ അനുഭവങ്ങളാണ് തേടുന്നത്...

ഏത് ആടയാഭരണങ്ങളെക്കാളും അനുഭവങ്ങള് അമൂല്യമായ അലങ്കാരങ്ങളാകുന്നു. ഓർമകളാണ് ഭൗതീകശേഖരങ്ങളേക്കാൾ ഏറെക്കാലം നില നിൽക്കുന്നത്. യാത്രകൾ അനുഭവങ്ങളും ഓർമ്മകളും സമ്മാനിക്കുന്നു. ഒരു സഞ്ചാരിക്ക് തന്റെ സ്വപ്നങ്ങളുടെ സാഫല്ല്യമായിരിക്കും യാത്രകൾ. ഒരു യാത്ര കഴിഞ്ഞാല് അടുത്തതിലേക്കുള്ള സ്വപ്നങ്ങൾ യാഥാർഥ്യത്തിലേക്കെത്തിക്കാനുള്ള പരിശ്രമങ്ങളായി... പുതിയ അനുഭവങ്ങൾ തേടി പുതുഭൂഭാഗങ്ങൾ തേടിയുള്ള യാത്ര പിന്നെയുംതുടരും. തുടക്കക്കാരനായ യാത്രികന് യാത്ര തുടങ്ങുന്നതിനു മുന്നേ തന്നെ പോകാനുദ്ദേശിക്കുന്ന സ്ഥലം, കാലാവസ്ഥ, താമസസൗകര്യങ്ങൾ

തുടങ്ങിയവയെക്കുറിച്ച് വ്യക്തമായ ധാരണയുള്ളവനായിരിക്കും .അത്യാവശ്യം മരുന്നുകളും കാലാവസ്ഥയ്ക്കനുയോജ്യമായ വസ്ത്രങ്ങളും ഭൂപടവും കയ്യിൽ കരുതുന്നു. അപരിചിതരെ കരുതിയിരിക്കണം.

സകുടുംബമുള്ള യാത്രകളാണെങ്കില്രാത്രികാലങ്ങളിലുള്ളതും ഒറ്റപ്പെട്ട സ്ഥലങ്ങളിലേക്കുള്ളതുമായ യാത്രകള് *ഒഴിവാക്കുന്നതായിരികും അഭികാമ്യം. യാത്രകള്*

*ദൂരസ്ഥലങ്ങളിലേക്കുള്ളതുമാത്രമല്ല നാട്ടിന്പുറങ്ങളിലേക്കും മലമ്പ്രദേശങ്ങളിലേക്കും വനാന്തരങ്ങിലേക്കും പാടശേഖരങ്ങളിലേക്കും നദീതീരങ്ങളിലേക്കും  ആകാം.*




*പുറം*നാട്ടുകളിലുള്ളവര് വഴിയോരത്തു പടർന്നു പന്തലിച്ചു നില്ക്കുന്ന മരത്തണലും വാരാന്ത്യ വിനോദ സഞ്ചാര കേന്ദ്രമാക്കുന്നു.

ഈസോപ്പ കഥകളില്പറയുന്നതുപോലെ നമ്മുടെ നാടിനെ അറിഞ്ഞ് സ്നേഹിക്കുന്നവനേ മറ്റു നാട്ടുകളെയും  അറിയുവാനും  സ്നേഹിക്കുവാനും സാധിക്കുകയുള്ളു. സ്വന്തം നാടിന്റെ ചരിത്രവും സംസ്കാരവും അറിഞ്ഞ്

വളരണം.വാരാന്ത്യ യാത്രകളില് നിന്നും ലഭിക്കുന്ന ഊര്ജ്ജം ഒരു

ഉന്മേഷപാനീയത്തിനും നല്കാനാവില്ല.  ഏകാന്തപഥികന്റെ യാത്രകൾ

നിശ്ചയമില്ലത്തവയാണ്.എന്നുപോകുന്നുഎവിടേക്കു പോകുന്നു,   എന്നു തിരിച്ചു-*വരു*

*എന്നതിനെക്കുറിച്ച് യാതൊരു നിശ്ചയവുമില്ല.  യാത്ര,   മുന്നില് കണ്ട വഴികളിലൂടെ*
*കാണാത്ത ഭൂമികകള്തേടിയുള്ള യാത്രകള് ലക്ഷ്യങ്ങളില്ലാത്ത യാത്ര ദൈവത്തി*
*കയ്യൊപ്പുകൾ ചാര്ത്തപ്പെട്ട താഴ്വരകളും കുന്നിന് നെറുകകളും പുഴയോരങ്ങളും*
*നിബിഡമായ വനാന്തരങ്ങളും അരുവികളും പട്ടണങ്ങളിലെ തിരക്കുകളും ഗ്രാമത്തി*

*സ്വച്ഛതയും ചരിത്രത്തിന്റെ അവശേഷിപ്പുകളും അവനില് ആനന്ദം നിറയ്ക്കുന്നു.  യാത്ര*

*ധന്യമാക്കുന്നത് മുന് നിശ്ചയിച്ച പ്രകാരമല്ലാതെ മാറ്റിമറയ്ക്കുന്ന ലക്ഷ്യങ്ങളുടെയും വഴികളിലൂടെയുമാണ് അവ നിങ്ങളെ വേറിട്ട അനുഭവങ്ങളിലേക്കെത്തിക്കുന്ന*




*വേറിട്ട രുചികളും വഴികളും ഹൃദയസ്പൃക്കായ നാട്ടുകളിലുള്ളവര് വഴിയോരത്തു പടര്ന്നു പന്തലിച്ചു നില്ക്കുന്ന മരത്തണലും വാരാന്ത്യ വിനോദ സഞ്ചാര കേന്ദ്രമാക്കുന്നു. യാത്ര ധന്യമാക്കുന്നത് മുന് നിശ്ചയിച്ച പ്രകാരമല്ലാതെ മാറ്റിമറയ്ക്കുന്ന ലക്ഷ്യങ്ങളുടെയും വഴികളിലൂടെയുമാണ് അവ നിങ്ങളെ വേറിട്ട അനുഭവങ്ങളിലേക്കെത്തിക്കുന്നത് വേറിട്ട രുചികളും വഴികളും ഹൃദയസ്പൃക്കായ* അനുഭവങ്ങളും നിങ്ങളെ ആന്ദന്തതുന്ദിലരാക്കിയെന്നിരിക്കും. യാത്രകള് നിങ്ങളെ നിതാന്തസഞ്ചാരികളാകുന്നു.

മനുഷ്യനെ പരിപൂർണനാക്കി തീര്ക്കുന്നു. പ്രകൃതിസ്നേഹവും സഹജീവികളോടുള്ള കരുണയും സഞ്ചാരിയില് പുതിയ താളമേളങ്ങള്

തീര്ക്കുന്നു. അതുകൊണ്ട് സുഹൃത്തേ നീയും ഒരു സഞ്ചാരിയാകൂ. നടന്നു തളരാത്ത സൂര്യനെയൊന്നു നോക്കൂ... സഞ്ചരിക്കുക തന്നെ വേണം ജീവിതം ധന്യമാകണമെങ്കില്.

**ജ്യോതി .എം ആർ, എൽ.പി.എസ്.ടി, ഗവ. എച്ച് . എസ്.എസ്**

**പുത്തൻത്തോട്**

# തത്തേ



പച്ചപ്പനം തത്തേ തത്തേ
പച്ചിലക്കാട്ടില് നീ വന്നോ ?
പുൽച്ചാടി ചാടുന്ന കണ്ടോ ?
പ്രാവ് കുറുകുന്ന കേട്ടോ ?

പാടവരമ്പത്തെ തത്തേ
പാറിനടക്കുന്ന തത്തേ
പാടികൊണ്ടങ്ങു ചൊല്ല
കൂട്ടരെയെങ്ങാനും കണ്ടോ ?

**ആൻമരിയ**

# മഴ വന്നു



ഒരു മഴ ചെറുമഴ മഴ വന്നു

നല്ലൊരു പുള്ളിക്കുടയും ചൂടി

മഴയത്തൂടെ നടന്നു ഞാൻ

പേക്രോം പേക്രോം തവളകൾപാടി

ചെറുമീനുകളോ തുള്ളിച്ചാടി

മഴ വന്നേ ഹായ് മഴ വന്നേ

മഴ മേളത്തിന് പൊടി പൂരം.

ജെനിയാ എ.ജെ

# എച്ച്



കുത്തനെ വരകള് രണ്ടുണ്ടച്ഛാ

കുറുക്കെ മറ്റൊരു


വരയുണ്ടച്ഛാ

പടിയൊന്നുള്ളൊരു

കോണികണക്കെ

അച്ഛാ, എച്ചായി നോക്കച്ഛാ

*ജെനിയാ*







## ഓർമയുടെജാലകം

*യാത്ര വളരെ ഇഷ്ടമാണ്. കവിതയെഴുതിയ കാലത്തും എഴുത്ത് നിര്ത്തിയകാലത്തും ധാരാളം യാത്ര  ചെയിതിട്ടുണ്ട്.  തായാട്ട് ശങ്കരനും ഞാനും കൂടിയാണ് ' അജന്ത'  കാണാന് പോയത്. ഗുഹയാണത് ഭൂമിക്കടിയില് ഉണ്ടാക്കിയ ഗുഹയല്ല;  പര്വതം തുരന്ന് വലിയ ഹാള് ആക്കിയിരിക്കുകയാണ്. അങ്ങനെ ഇരുപത്താറ് ഗുഹകള്. വിശാലമായ ഹാള് തുറന്നിട്ടിരിക്കുന്നു. രണ്ടു ഭാഗത്തായി ഭിക്ഷുക്കൾക്ക്  താമസിക്കാനുള്ള മുറിക്കള് ഉണ്ട്. അറ്റത്ത് ബുദ്ധന്റെ ആറടി പൊക്കത്തിലുള്ള പൂർണ്ണകായ വിഗഹമാണ്. നാലുമണി കഴിഞ്ഞാല് സൂര്യപ്രകാശം വന്ന് ബുദ്ധവിഗ്രഹത്തിന്റെ ചുണ്ടത്തു തട്ടും. ചെറിയൊരു പുഞ്ചിരി വിടരുന്നതു പോലെ തോന്നും `അജന്ത എന്ന കവിതയില് ആ പുഞ്ചിരിയാണ് ഞാന് ആവിഷ്ക്കരിക്കാൻ ശ്രമിച്ചത് യാത്ര ചെയ്തു വളരെ കഴിഞ്ഞായിരുന്നു ആ കവിത രചിച്ചത്.*

**(ആർ.രാമചന്ദ്രൻ)**

# സഹായം

ഒരിക്കൽ ഫിയോണ എന്ന ഒരു കുട്ടി ഉണ്ടായിരുന്നു. അവൾ 6 -ാം ക്ലാസില് പഠിക്കുന്നു. അവൾ നല്ല ദയ ഉള്ള കുട്ടിയായിരുന്നു. അവൾ വകുറെ നല്ല കാര്യങ്ങള് ചെയ്തിട്ടുണ്ട്. അവൾ സ്കൂളിലേക്ക് പോകുന്ന വഴിയില് കാണുന്ന അപ്പൂപ്പന് തനിക്ക് അമ്മ തന്നുവിടുന്ന ഉച്ചഭക്ഷണം കൊടുത്തിട്ടുണ്ട്. വെയിലത്തു നിന്നു ക്ഷിണിക്കുന്ന ട്രാഫിക്ക് പോലിസിനു വെള്ളം കൊടുക്കും. ഒരു ദിവസം അവൾ സ്കൂളിൽ നിന്ന് വരികയായിരുന്നു. അപ്പോൾ കുറച്ച് കുട്ടിക്കൾ ഭിക്ഷയാചിക്കുന്നതു അവളുടെ കണ്ണില് പെട്ടു. തന്റെ പ്രായമുള്ളകുട്ടിക്കൾ. അവർക്ക് നല്ല വസ്തുങ്ങളില്ല. അവൾ വീടിനു സമീപത്ത് എത്തിയിരുന്നു. അവൾ  ഓടി പോയി തന്റെ കുറച്ചു നല്ല വസ്ത്രങ്ങൾ എടുത്തു കൊണ്ടു വന്നു. ഇതൊകെ എവിടെ കോണ്ടുപോകുന്നു എന്ന അമ്മയുടെ ചോദ്യത്തെ അവൾ വകവച്ചില്ല . അവൾ അതെല്ലാം കൊണ്ടുവന്ന് അവർക്ക് കൊടുത്തു. അവർ സന്തോഷം കൊണ്ട് തുള്ളിച്ചാടി, അവരുടെ കണ്ണുകള് നിറഞ്ഞൊഴുകി. അവരുടെ അഘോഷപ്രകടനങ്ങൾ അവൾക്ക് നല്കിയ സന്തോഷം ആ വസ്തുങ്ങളിട്ട് മറ്റുള്ളവരുടെ മുമ്പില് നില്ക്കുമ്പോൾ ഉണ്ടായിരുന്നില്ല. അവൾ മാറിനിന്ന് ആ കാഴ്ച ആസ്വദിച്ചു. ഒരു നല്ല കാര്യം ചെയ്യുണമെന്ന് കരുതിയാൽ പ്രയാസം ഒന്നും നോക്കണ്ട മനുഷ്യന്. എന്തും ചെയ്യാന് കഴിയും,  ഒന്നു മനസ്സുവച്ചാല് മതി.

Evlin 7B

# मेरी अम्मा


मेरी प्यारी अम्मा है

सुबह मुझे उठाती है
अच्छी खाना खिलाती है
अच्छी बात बताती है
सारी बातें सुनाती  है
सच्छी सीखें देती है
लोरी गाकर सुनाती है

मॆरी प्यारी अम्मा है |

-षियोण -


# കേരളം




1956 നവംബര് 1 ഇനാണ് കേരള സംസ്ഥാനത്രൂപം കൊണ്ടത്. കേരളത്തില് 14 ജില്ലകളുണ്ട് കേരളത്തിലെ ഏറ്റവും വലിയ ജില്ല പാലക്കാടും ഏറ്റവും ചെറിയജില്ല ആലപ്പുഴയുമാണ്. 44 നദികളും 34 കായലുകളും ഉള്ള കേരളത്തിൽ നീളം കൂടിയ നന്ദി പെരിയാറും നീളം കുറഞ്ഞ നദി മഞ്ചേശ്വരവും ആകുന്നു. ഏറ്റവും വലിയ കായല്, ശാസ്താംകോട്ട കായല് ഇവിടത്തെ ഏറ്റവും വെലിയ ശുദ്ധജലതാടാകവുമാണ്. കേരളത്തിലെ ഔദ്യോഗികവൃഷം തെങ്ങാണ്. ഔദ്യോഗിക പുഷ്പം കണിക്കൊന്നയും പാനിയും ഇളനീരും ആണ്. കേരളത്തിലെ ആദ്യ മുഖ്യമന്ത്രി ഇ. എം.എസ് നമ്പൂതിരിപ്പാട് ആണ്. രാജ്യ സമാചാരമാണ് ആദ്യ പത്രം. കേരളത്തിൽ റെയിൽവേ പാത ഇല്ലാത്ത ജില്ലകൾ വയനാട്, ഇടുക്കി എന്നിവയാകുന്നു. സൈലന്റ് വാലിയാണ് കേരളത്തിലെ ദേശിയ ഉദ്യാനം. കേരളത്തിന്റെ വിസ്തീര്ണ്ണം 38.863. ച. കി. മി ആകുന്നു

# ***മടിയൻ ,“ 1”***

ഗുണിക്കാന് മടിയൻ ഗുണനത്തിൽ ഏറ്റവും മടിയുള്ള സംഖ്യഏതാണ് ? സംശയിക്കേണ്ട, 1 തന്നെ ! ഏതൊരു സംഖ്യയും 1 ക്കൊണ്ട് ഗുണിച്ചാല് ഫലം അതു തനെയാണ്.



# പൂജ്യം തൊട്ടാൽ തൊട്ടാവനെ തട്ടും



ഹയ്യോ പൂജ്യം!

എന്നെ തൊട്ടാല് തൊട്ടവനെ തട്ടും


ഗുണനത്തില് പൂജ്യത്തിന്റെ

മുദ്രവാക്യം

# യൂക്ലിഡ്

ജനനം: ബി സി 330

മരണം: ബി സി 270



പൗരാണിക ഗ്രീക്ക് ഗണിത ശാസ്ത്രജ്ഞൻ. പ്രധാന സംഭാവനകൾ ജ്യാമിതീയ തത്വങ്ങളും മറ്റു ഗണിത വിവരങ്ങളും ഉൾ പ്പെടുത്തി അദ്ദേഹം രചിച്ച എലമെന്റ്സ് എന്ന ഗ്രന്ഥം രണ്ടായിരം കൊല്ലത്തോളം ക്ഷേത്രഗണിതത്തിന്റെ

അടിസ്ഥാനഗ്രന്ഥമായിവർത്തിച്ചു. യൂക്ലിഡിയൻ

ജ്യാമിതിയുടെ ആരംഭബിന്ദുവായിരുന്നു ഈ ഗ്രന്ഥം.

# കാട്ടിലെപൊന്നോണം



കാട്ടിലുമെത്തീ പൊന്നോണം

നീട്ടിവിളിച്ചു കുറുക്കച്ചൻ




കുടയും ചൂടി പട്ടും ചുറ്റി

വേഷം കെട്ടാൻ പുലിയച്ചൻ

ഊഞ്ഞാലിട്ടു കുരങ്ങച്ചൻ



ഊഞ്ഞാലാടാൻ കരടിച്ചൻ

ഓണപാട്ടും മൂളികൊണ്ടേ

കൂകുപാടാൻകുയിലച്ചൻ .

സഞ്ജന

# കുടയില്ലാത്തോനും കുഞ്ഞിപെങ്ങളും




"ഇടിയും മഴയും കാരണമയ്യോപുറത്തിറങ്ങാൻ വയ്യല്ലോ

പുത്തനുടുപ്പും പുസ്തകവുംഹാ മഴവെള്ളത്തിന് നനയൂലോ

"മിന്നലുമിടിയും പൊടിപൂരം

ടെട്ടെട്ടേ വെടിപൂരം

ചറപറ-ചറപറ മഴമേളം ഹാവാനിൽകേട്ടോതടിമേളം "

"കുടയ്ക്ക് പകരം ഉണ്ണിക്കുട്ടന്ഇലയും ചൂടി നടപ്പായി

പുത്തനുടുപ്പ നനഞ്ഞാലും കുട്ടാക്കാതെ നടപ്പായി"

"ഇങ്ങനെ വിറെയും മഴകൊണ്ടെന്നാൽ

പനിയോ ചുമയോ വരികില്ലേ?

പനിവന്നെന്നാൽ അച്ഛനുമമ്മേം വിഷമിക്കില്ലെ വല്ലാതെ !

**അനാമിക ആൻ**

# നന്ദി ..........

